

ഒക്ടോബർ 2025

# മെത്രാപ്പോലീത്തായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഏവർക്കും ക്രിസ്തുയേശുവിൽ സ്നേഹ വന്ദനം.

മാർത്തോമ്മാ സഭാ പ്രതിനിധി മണ്ഡലം 2025 സെപ്റ്റംബർ 2 മുതൽ 4 വരെ തിരുവല്ല ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ സ്മാരക ആഡിറ്റോറിയത്തിൽ വെച്ച് അനുഗ്രഹപ്രദമായി നടത്തുവാൻ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. മണ്ഡലയോഗ നടപടികൾ ഭംഗിയായി പൂർത്തീകരിക്കുവാൻ സഹകരിച്ച എല്ലാ മണ്ഡലാംഗങ്ങളെയും അഭിനന്ദിക്കുകയും ഏവരോടുമുള്ള നന്ദി അറിയിക്കുകയും ചെയ്യുന്നു. മണ്ഡലയോഗ തീരുമാനങ്ങൾക്ക് ബഹുമാനപ്പെട്ട എപ്പിസ്ക്കോപ്പൽ സിനഡ് അംഗീകാരം നല്കുകയും ആയവ സർക്കുലർ കല്പന 163 മുഖേന ഏവരെയും അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്. മാർത്തോമ്മാ സഭയ്ക്ക് ഒരു യൂണിവേഴ്സിറ്റി എന്ന വിഷയത്തെ സംബന്ധിച്ച ചർച്ചയെ തുടർന്ന് ഭൂരിപക്ഷ അഭിപ്രായ പ്രകാരം മാർത്തോമ്മാ എഡ്യൂക്കേഷണൽ ട്രസ്റ്റ് രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിനും സർക്കാർ അപേക്ഷ ക്ഷണിക്കുമ്പോൾ മാർത്തോമ്മാ യൂണിവേഴ്സിറ്റിക്ക് വേണ്ടി അപേക്ഷ നല്കുന്നതിനും സഭാ പ്രതിനിധി മണ്ഡലം തീരുമാനിച്ചു. കേരളത്തിന് പുറത്ത് യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള സാധ്യതയും പരിഗണിക്കുന്നതാണ്. മാർത്തോമ്മാ സഭയുടെ കോളജുകൾ ഓട്ടോണമസ് ആക്കുന്നതു സംബന്ധിച്ച ചർച്ചകൾക്കു ശേഷം മാർത്തോമ്മാ സഭയുടെ ഓരോ കോളേജും ഓരോ സൊസൈറ്റിയുടെ കീഴിൽ ഓട്ടോണമസ് ആക്കുന്നതിനും തീരുമാനിച്ചു.

ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ പലവിധത്തിലുള്ള അക്രമങ്ങൾ അരങ്ങേറുന്നു. മനുഷ്യരെ നിഷ്ക്കരുണം ഇല്ലായ്മ ചെയ്യുന്ന പ്രവണത വർദ്ധിക്കുകയാണ്. എല്ലാ കോണുകളിൽ നിന്നും പ്രതിഷേധങ്ങൾ ഉയർന്നിട്ടും ഇസ്രായേൽ പിൻമാറാതെ ഗാസയിൽ കടുത്ത രീതിയിലുള്ള ആക്രമണങ്ങൾ തുടരുകയാണ്. 24 മണിക്കൂറിനുള്ളിൽ കൊലപ്പെടുത്തിയത് 75 ലധികം പേരെയാണ്. 400 ലധികം പേർക്ക് പരിക്കേറ്റു. പതിനായിരക്കണക്കിന് പേർ നഗരത്തിൽ നിന്ന് പലായനം ചെയ്തു കൊണ്ടിരിക്കുകയാണ് ഇപ്പോൾ. ആ പ്രദേശത്ത് ദീർഘ നാളുകളായി നിലനിൽക്കുന്ന ദുരിതം അവസാനിച്ചു എല്ലാ വിഭാഗങ്ങളും സമാധാനത്തിൽ ജീവിക്കുന്ന നാൾ വേഗം വരണമേയെന്ന് നാം മുട്ടിപ്പായി പ്രാർത്ഥിക്കണം.

മേൽപ്പാടം ആറ്റുമാലിൽ ജോർജ്കുട്ടി മെറിറ്റ് അവാർഡുകളും സ്കോളർഷിപ്പുകളും വിതരണം ചെയ്തു. ചന്ദ്രയാൻ-3 ദൗത്യത്തിലൂടെ ഇന്ത്യയുടെ ബഹിരാകാശ പദ്ധതിയെ ആഗോള വേദിയിൽ അഭിമാനമാക്കിയ ഐ. എസ്. ആർ. ഒ. മുൻ ചെയർമാൻ ഡോ. എസ്. സോമനാഥ് മെറിറ്റ് അവാർഡ് ഏറ്റുവാങ്ങി. അതോടൊപ്പം, യുവ ശാസ്ത്രജ്ഞ അവാർഡും സ്കോളർഷിപ്പും വിതരണം ചെയ്തു. അവാർഡിനും സ്കോളർഷിപ്പിനും അർഹരായവരെ അഭിനന്ദിക്കുന്നു. അവാർഡിന്റെ സ്ഥാപകനായ ശ്രീ. എ.വി. ജോൺസിന്റെ നിര്യാണത്തിന് ശേഷം ക്രമീകരിച്ച പ്രഥമ അവാർഡ് ദാനം കൂടിയായിരുന്നു ഇത്. ശ്രീ. എ.വി. ജോൺസിന്റെ ജീവിതത്തെയും ശാസ്ത്ര സാങ്കേതിക മേഖലയ്ക്കും സഭയ്ക്കും അദ്ദേഹം നല്കിയ സമഗ്ര സംഭാവനകളെയും അനുസ്മരിക്കുന്നതിനും അവാർഡ് വിതരണത്തിലൂടെ സാധിച്ചു. ആറ്റുമാലിൽ എൻഡോവ്മെന്റ് കമ്മിറ്റിയോടും കുടുംബാംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

ഒക്ടോബർ 2 ന് തിരുവല്ലാ അലക്സാണ്ടർ മാർത്തോമ്മാ സ്മാരക ആഡിറ്റോറിയത്തിൽ ക്രമീകരിച്ചിരിക്കുന്ന പുരസ്ക്കാർ – 2025 എന്ന പരിപാടിയിൽ വെച്ച് സഭയുടെ വിവിധ അവാർഡുകൾ വിതരണം ചെയ്യുകയും 2024 സെപ്റ്റംബറിന് ശേഷം സജീവ സേവനത്തിൽ നിന്നും വിരമിച്ച പട്ടക്കാരെ ആദരിക്കുകയും ചെയ്യുന്നു. ഒക്ടോബർ 5 ന് എറണാകുളം ശാലേം മാർത്തോമ്മാ പള്ളിയിൽ വെച്ച് ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ നാമധേയത്തിലുള്ള 5-ാമത് സ്മാരക പ്രഭാഷണം നടത്തപ്പെടുന്നു. പ്രസ്തുത സമ്മേളനത്തിൽ മലങ്കര യാക്കോബായ സഭയുടെ ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്കാ ബാവാ മുഖ്യ സന്ദേശം നല്കുന്നതുമാണ്. എല്ലാവരുടെയും പ്രാർത്ഥനയും പങ്കാളിത്തവും ഈ പരിപാടികളിൽ ഉണ്ടാകണമെന്ന് അറിയിക്കുന്നു.

കത്തോലിക്കാ സഭയുടെ തൃശൂർ അതിരൂപത മുൻ ആർച്ച് ബിഷപ്പ് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവ്

കാലം ചെയ്തു. തിരുമേനിയുടെ അനുഗ്രഹിത നേതൃത്വ ത്തിനായി ദൈവത്തെ സ്തുതിക്കുകയും മാർ ത്തോമ്മാ സഭയുടെ അനുശോചനം അറിയിക്കുകയും ചെയ്യുന്നു. നമ്മുടെ സഭയിലെ സീനിയർ വൈദീകനായ ബഹുമാനപ്പെട്ട റവ. ഫിലിപ്പ് വർഗീസ് (വെൺമണി), ഡിട്രോയിറ്റിൽ വിശ്രമ ജീവിതം നയിച്ച് വരവെ ആഗസ്റ്റ് 27 ന് കർത്തൃ സന്നിധിയിലേക്ക് ചേർക്കപ്പെട്ടു. അച്ചന്റെ ധന്യമായ ജീവിതത്തെയും ശുശ്രൂഷകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുകയും സഭയുടെ അനുശോ ചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

ഒക്ടോബർ മാസ ഞായറാഴ്ച ധ്യാനങ്ങൾ സുവിശേഷ ദൗത്യം നിറവേറ്റുന്നതിനു സഭാ ജനങ്ങളെ പ്രചോദി പ്പിക്കുന്നവയാണ്. ഒക്ടോബർ 5 സന്നദ്ധ സുവിശേഷക സംഘദിനമായി വേർതിരിച്ചിരിക്കുന്നു. ദൈവ വചന ത്തോടുള്ള സ്നേഹവും പ്രതിബദ്ധതയുമാണ് ചൈതന്യവത്തായ ശുശ്രൂഷകൾക്കു എന്നും പ്രചോ ദനം നൽകുന്നത്. നിത്യജീവനു അവകാശി ആകാൻ എന്തു ചെയ്യണം എന്നു ചോദിച്ചു വന്ന ന്യായശാ സ്ത്രിയോട് കർത്താവു ചോദിച്ചത് ന്യായപ്രമാണം അയാൾ എങ്ങനെ വായിക്കുന്നു എന്നായിരുന്നു. വചന ത്തെയും മനുഷ്യ സമൂഹത്തെയും സ്നേഹിക്കുന്നത് പരസ്പര പൂരകമാകുമ്പോൾ ആണ് സ്നേഹസാക്ഷി കൾ ആകുവാൻ കഴിയുന്നത്.

ഒക്ടോബർ 12 ഞായറാഴ്ച വ്യത്യസ്ത കഴിവുകൾ ഉള്ള വരുടെ ദിനമായി ആചരിക്കുകയാണല്ലോ. ചില പ്രത്യേക മേഖലകളിൽ പരിമിതികൾ അനുഭവിക്കു ന്നവർ സമൂഹത്തിന്റെ മുഖ്യ ധാരയിൽ നിന്നു തള്ള പ്പെടാതിരിക്കുവാൻ സഭ ശ്രദ്ധിക്കേണ്ടതുണ്ട്. ദൈവം നൽകിയിരിക്കുന്ന വ്യത്യസ്ത സാധ്യതകളെ ജ്വലിപ്പി ക്കുവാൻ കഴിയണം. വിക്കനായ മോശെ ചരിത്രം കണ്ട എറ്റവും വലിയ ജന നായകനും നിയമ ദാതാവും ആയി ത്തീർന്നു. ചരിത്രത്തിൽ ഹെലൻ കെല്ലർ മാതൃകയായി ഉണ്ടല്ലോ. ഈ പ്രത്യേക ദിനാചരണം ശാക്തീകരണ സന്ദർഭമായി തീരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ഒക്ടോബർ 19 യുവജന ഞായർ ആയി വേർതിരിച്ചിരി ക്കുന്നു. യൗവ്വനം ക്രിസ്തു ശൈലിയിൽ എന്നതാണ് ധ്യാന വിഷയം. മറ്റെല്ലാ കാലത്തേക്കാളും, പുറമെയുള്ള സ്വാധീനങ്ങൾ എണ്ണമറ്റ രീതിയിൽ നമ്മുടെ ജീവിത ങ്ങളിലേക്കു വരുന്ന കാലമാണ് നമ്മുടേത്. ഉൾകാമ്പുള്ള വ്യക്തിത്വങ്ങൾ ആയി രൂപപ്പെടുകയാണ് ആവശ്യം. എല്ലാ കാലത്തുമുള്ള യുവജനങ്ങൾക്ക് യേശുവാണ് സജീവ മാതൃക. യേശുക്രിസ്തുവിനോടുള്ള സജീവ ബന്ധത്തിൽ നമ്മുടെ യുവജനങ്ങൾ രൂപപ്പെടാൻ ഈ യുവജന ഞായർ ആചരണം പ്രയോജനപ്പെടണം.

ഒക്ടോബർ 26 ഞായറാഴ്ച സഭ കുടുംബ ദിനമായി ആച രിക്കുകയാണ്. ദൈവത്തിന്റെ രക്ഷാ പദ്ധതിയിൽ കുടുംബങ്ങൾക്കു വലിയ പങ്കാണ് വഹിക്കാൻ ഉള്ളത്. ദൈവ കേന്ദ്രീകൃത കുടുംബങ്ങളാണ് തലമുറകളെ ദൈവോന്മുഖമായും മനുഷ്യോന്മുഖമായും രൂപപ്പെടു ത്തുന്നത്. ദൈവ ഹിതം നിറവേറ്റുന്നതിലൂടെ യേശു വിന്റെ സഹോദരങ്ങൾ ആയി തീരുന്ന പരിണാമമാണ് കുടുംബത്തിലൂടെ ഉണ്ടാകേണ്ടത് എന്നു യേശു ഉപ ദേശിച്ചു തന്നിട്ടുണ്ട്. ഈ വർഷത്തെ കുടുംബ ദിന ആചരണങ്ങളും ധ്യാനങ്ങളും അനുഗ്രഹമായി തീരു വാൻ ദൈവം നമ്മെ സഹായിക്കട്ടെ..

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ നിങ്ങളേ വരോടും കൂടെയിരിക്കട്ടെ.

Theodosius Malabar

പൂലാത്തീൻ
25.09.2025

**ഡോ. തിയഡോഷ്യസ്**
**മാർത്തോമ്മാ മെത്രാപ്പോലീത്താ**